II ഇ.ബി. XII- കേരള നിയമസഭ/XIV-18

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2010 മാർച്ച് 26, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

56 (*541) കാർഷികരംഗത്തേയ്ക്ക് കൂടുതൽപേരെ ആകർഷിക്കാൻ നടപടി

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, 1068 കർഷക അദാലത്തുകളും 14 കർഷക സംഗമങ്ങളും നടത്തിയതിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങളിൽ പലതും കാർഷിക പദ്ധതികളുടെ ഒന്നാം വർഷം മുതലുള്ള ആസൂത്രണത്തിന് ഉപയോഗപ്പെടുത്തുകയും തന്മൂലം നടപ്പിലാക്കിയ വിവിധ വിള അധിഷ്ഠിത പദ്ധതികളിലൂടെയും കാർഷികപക്ഷ പ്രവർത്തനങ്ങളിലൂടെയും കാർഷികവൃത്തി ആദായകരമാക്കുന്നതിനും കാർഷിക മേഖലയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വിളവെടുപ്പ് കാലത്ത് കാർഷികോൽപ്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പുവരുത്തി കർഷകരെ സഹായിക്കുന്നതിനും പച്ചക്കറിയുടെ വില ക്രമാതീതമായി കൂടുന്നത് തടയുന്നതിനും വിപണി ഇടപെടൽ പദ്ധതിക്ക്

2009-2010 വർഷത്തിൽ 350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കുരുമുളക്, കമുക്, ഇഞ്ചി, കൊക്കോ, വാനില, കാപ്പി എന്നിവയുടെ വിലയിടിവുമൂലം തകർച്ചയിലായ കർഷകരെ സംരക്ഷിക്കുന്നതിന് ആറ് മാർക്കറ്റുകൾ കേന്ദ്രീകരിച്ച് കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതിക്ക് കോർപ്പസ് ഫണ്ടായി പത്ത് കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കാർഷികോല്പന്നങ്ങൾ വില കുറയുന്ന സമയത്ത് കർഷകർക്ക് സംഭരിച്ചുവയ്ക്കാനും വില കൂടുന്ന സമയത്ത് അവ വിൽക്കാനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷപ്പെടുത്തുന്നതിനും അവർക്ക് വരുമാന വർദ്ധനവുണ്ടാക്കുന്നതിനും കഴിയുന്നതാണ്. ആർ.കെ.വി.വൈ., ഭക്ഷ്യസുരക്ഷ, മാക്രോ മാനേജുമെന്റ്, ഹോർട്ടിക്കൾച്ചറൽ മിഷൻ എന്നീ പദ്ധതികളിൽക്കൂടി കാർഷിക മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുകയും കർഷകർക്കും പാടശേഖര സമിതികൾക്കും കർഷകത്തൊഴിലാളികൾക്കും ആവശ്യമുള്ള കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുവാൻ 25 ശതമാനം മുതൽ 50 ശതമാനം വരെ നിരക്കിൽ ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന വാങ്ങിയ 18 കൊയ്ത്ത് മെതി യന്ത്രങ്ങൾ കൊയ്ത്ത് സമയത്ത് കർഷകർക്ക് നൽകുന്നു. ആർ.കെ.വി.വൈ. പദ്ധതി, ത്രിതല പഞ്ചായത്തിലെ പദ്ധതികൾ മുഖേന ആവശ്യമുള്ള കൊയ്ത്ത് മെതി യന്ത്രങ്ങൾ വാങ്ങുവാനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുവാൻ 8500 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ ആധുനിക യന്ത്രോപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് കൃഷി

വകുപ്പിന്റേയും കാർഷിക സർവ്വകലാശാലയുടേയും ചില കോർപ്പറേഷനുകളുടേയും എൻജിനീയറിംഗ് സംവിധാനത്തെ ഉപയോഗപ്പെടുത്തുന്ന കാര്യവും യന്ത്രങ്ങളുടെ ഉപയോഗവും റിപ്പയറിംഗും സംബന്ധിച്ച് കൃഷിക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യവും ആലോചിക്കാവുന്നതാണ്. കാർഷിക സർവ്വകലാശാലയും കൃഷി വകുപ്പും ത്രിതല പഞ്ചായത്തുകളുമായി ചേർന്ന് ഓരോ ബ്ലോക്കിലും ഓരോ തൊഴിൽ സേന രൂപീകരിക്കാനും കൃഷി ചെയ്യാൻ താല്പര്യമുള്ള ചെറുപ്പക്കാർക്ക് പരിശീലനവും സ്ഥിരം ജോലിയും നൽകാനും അവർക്കായി ഒരു ക്ഷേമപദ്ധതിക്ക് രൂപം കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ സമഗ്രമായി പരിശോധിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും കാർഷിക സർവ്വകലാശാലയും മറ്റ് കേന്ദ്ര-സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളും സംയുക്തമായി പ്രവർത്തനങ്ങൾ നടത്തിവരികയാണ്. വാഴയും റബ്ബറുമൊക്കെ വച്ചുപിടിപ്പിച്ചിട്ടുള്ള സ്ഥലങ്ങൾ നെൽപ്പാടങ്ങളാക്കി മാറ്റുന്നതിന് താല്പര്യം പ്രകടിപ്പിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പൈലറ്റ് പ്രോജക്ട് വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനത്തോടുകൂടി കോഴിക്കോട്ടെ തിരുവമ്പാടിയിൽ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയംസഹായ സംഘങ്ങൾ എന്നിവവഴി ഗ്രൂപ്പ് ഫാമിംഗ് സിസ്റ്റം വിപുലപ്പെടുത്തിക്കൊണ്ട് ജനകീയ പങ്കാളിത്തത്തോടുകൂടി ഓരോ പഞ്ചായത്തിലേയും തരിശ് ഭൂമി കണക്കാക്കി പഞ്ചായത്ത് ഭരണസമിതിയുമായി ബന്ധപ്പെട്ട് നെൽക്കൃഷി നടത്തി 2012-ഓടുകൂടി ‘തരിശ്

രഹിത കേരളം' രൂപപ്പെടുത്താനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്. മഴക്കാലത്തും ഉണക്കുകാലത്തും കൃഷികൾക്കാവശ്യമായ വെള്ളം നൽകുന്നതിന് പ്രത്യേക സംവിധാനം നിലനിർത്തുന്ന സ്കൂളുകളിൽ മാത്രമേ കൃഷി നടത്താൻ പാടുള്ളൂവെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏറ്റവും വിജയകരമായി കൃഷി നടത്തുന്ന സ്കൂളുകൾക്ക് അവാർഡ് പ്രഖ്യാപിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തിനും അനുകൂലമായ കാർഷിക പ്രവർത്തനങ്ങൾ വിജയകരമായി നടപ്പാക്കുന്ന കർഷകരെ അനുമോദിക്കുന്നതിനുള്ള പദ്ധതി വിപുലപ്പെടുത്തുന്നതാണ്. പച്ചക്കറി ഉല്പാദനവും വിതരണവും സംഭരണവും കാര്യക്ഷമമാക്കിക്കൊണ്ട് പച്ചക്കറി കൃഷി ലാഭകരമാക്കിത്തീർക്കുന്നതിന് വി.എഫ്.പി.സി.കെ, കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, ഹോർട്ടികോർപ് എന്നിവയെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള വെജിറ്റബിൾ മിഷൻ പദ്ധതി ഏപ്രിൽ മാസം പ്രവർത്തനം ആരംഭിക്കുന്നതാണ്. പച്ചക്കറി കൃഷിക്ക് കേന്ദ്രസർക്കാർ നൽകിയിരുന്ന സബ്സിഡി ഇപ്പോൾ വിത്തുല്പാദനത്തിന് മാത്രമാണ് നൽകുന്നതെന്നും കേരളത്തിന്റെ പ്രത്യേകതകൾക്കനുസരിച്ചുള്ള നോംസ് അല്ല ഏർപ്പെടുത്തിയിട്ടുള്ളതെന്നും നെൽകർഷകർക്ക് ഇപ്പോൾ നൽകുന്ന പലിശരഹിത വായ്പ പച്ചക്കറി കർഷകർക്കും നൽകുന്ന കാര്യം പരിഗണിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. ചാലക്കുടി റിവർ ഡൈവേർഷൻ പ്രോജക്ടിൽ നിന്നും പരമാവധി കാർഷിക ജലസേചനത്തിനുകൂടി പ്രയോജനപ്രദമാകുന്ന തരത്തിൽ വെള്ളത്തിന്റെ ഉപഭോഗം ക്രമീകരിക്കുന്നതിന് പവർ ജനറേഷൻ റെഗുലേറ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും പുതിയ റിസർവോയർ നിർമ്മിക്കുന്നതുമായി

ബന്ധപ്പെട്ട പ്രശ്നം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഇറിഗേഷൻ വകുപ്പിന്റെ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് ജലവിഭവ വകുപ്പുമന്ത്രി വ്യക്തമാക്കി. യഥാർത്ഥ കർഷകർക്ക് ഗ്രീൻ കാർഡും കിസാൻ കാർഡും ഈ വർഷംതന്നെ നൽകുന്നതാണ്. ആഴ്ചയിൽ ഒന്നിലധികം ദിവസം പച്ചക്കറികൾ സംഭരിക്കണമെന്ന് പച്ചക്കറി സംഭരണ വിതരണ കേന്ദ്രങ്ങൾക്ക് നിർദ്ദേശം കൊടുക്കാവുന്നതാണെന്നും കാലാവസ്ഥാ വ്യതിയാനം സ്ഥായിയായ ഒരു സംവിധാനമാണെങ്കിൽ കാർഷിക കലണ്ടർ മാറ്റുന്ന കാര്യം ഉൾപ്പെടെ ആലോചിക്കുന്നതാണെന്നും നാളികേര വികസന ബോർഡും കൃഷി വകുപ്പും ചേർന്ന് നാളികേര ക്ലസ്റ്ററുകൾ രൂപീകരിക്കുകയും തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ ആരംഭിച്ച നാളികേര കൃഷി പുനരുദ്ധാരണ പ്രവർത്തനങ്ങൾ മൂന്ന് വർഷംകൊണ്ട് പൂർത്തീകരിക്കുന്നതാണെന്നും നീരയുടെ ഉല്പാദനവുമായി ബന്ധപ്പെട്ട് കേരള അബ്കാരി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണെന്നും കാട്ടാമ്പള്ളി പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിന്റെ രൂപരേഖയ്ക്ക് അംഗീകാരം നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

57 (*542) <u>വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി</u>

കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന വെയർഹൗസിഗ് കോർപ്പറേഷന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മൂലധന ഇന

ത്തിൽ 2007-08-ൽ 25 ലക്ഷം രൂപയും 2007-08, 2008-09 എന്നീ വർഷങ്ങളിലേയ്ക്ക് 75 ലക്ഷം രൂപയും 2009-2010 വർഷത്തേയ്ക്ക് 22.03.2010-ലെ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ടെന്നും എല്ലാ വെയർ ഹൗസുകളുടെയും പെർഫോമൻസ് റിപ്പോർട്ട് മാസംതോറും ശേഖരിക്കുകയും വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ടെന്നും സഭയെ അറിയിച്ചു. വെയർഹൗസിംഗ് കോർപ്പറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായതിനാൽ കേന്ദ്ര വിഹിതത്തിന് ആനുപാതികമായ വിഹിതമാണ് സംസ്ഥാന ഗവൺമെന്റ് നൽകുന്നത്. പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം കോർപ്പറേഷന് 2008-09 വർഷത്തിൽ 110 ലക്ഷം രൂപ പ്രവർത്തനലാഭമുണ്ട്; 2009-10 വർഷത്തിൽ 82 ലക്ഷം രൂപയുടെ പ്രവർത്തനലാഭം പ്രതീക്ഷിക്കുന്നു. 31.03.2007 വരെയുള്ള സഞ്ചിത നഷ്ടം 789.24 ലക്ഷം രൂപ ആയിരുന്നത് 2009-2010 അവസാനമാകുമ്പോൾ 546.37 ലക്ഷം രൂപയായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. സ്വകാര്യ ഗോഡൗണിൽ പ്രവർത്തിച്ചുവന്നിരുന്ന കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 11 താലൂക്ക് ഡിപ്പോകൾ വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിലേയ്ക്ക് മാറ്റുകയും പാലക്കാട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ തുടങ്ങിയ ജില്ലകളിലെ ഗോഡൗണുകൾ നെല്ല് സംഭരണത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നോർത്ത് പറവൂരിൽ 865 മെട്രിക് ടണ്ണിന്റെ ഒരു പുതിയ ഗോഡൗൺ നിർമ്മിക്കുകയും നോർത്ത് പറവൂർ വെയർഹൗസിൽ 2000 മെട്രിക് ടണ്ണിന്റെ ഒരു പുതിയ ഗോഡൗണിന്റെ നിർമ്മാണം

ആരംഭിക്കുകയും പാലക്കാട് ജില്ലയിലെ മുതലമടയിൽ ഒരു പുതിയ ഗോഡൗൺ നിർമ്മിക്കാനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളത്ത് സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ ഒരു കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ പ്രവർത്തിക്കുന്നു. കൂടാതെ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഒരു കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷൻ കൂടി ആരംഭിക്കുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചുകിടന്നിരുന്ന ആലത്തൂരിലേയും തകഴിയിലേയും മോഡേൺ റൈസ് മില്ലുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടിയെടുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് 250 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ആലത്തൂർ മോഡേൺ റൈസ് മിൽ 19.01.2010-ൽ പൂർണ്ണമായി പ്രവർത്തനമാരംഭിക്കുകയും ഇവിടെ ഉൽപ്പാദിപ്പിക്കുന്ന അരി 'അന്നം' എന്ന പേരിൽ പ്ലാസ്റ്റിക് ബാഗുകളിലാക്കി ഒരു കിലോ കുത്തരിക്ക് 18 രൂപ നിരക്കിൽ വില നിശ്ചയിച്ച് വെയർഹൗസിംഗ് കോർപ്പറേഷന്റെ 20-ൽപ്പരം സെന്ററുകളിൽക്കൂടി 19.3.2010-മുതൽ വിപണനം ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും കോർപ്പറേഷന്റെ ഒഴിഞ്ഞുകിടക്കുന്ന ഗോഡൗണുകൾ സ്വകാര്യ വ്യക്തികൾക്ക് നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും പോർട്ടുമായി ബന്ധപ്പെട്ട നഗരങ്ങളിൽ കാർഷിക വിഭവങ്ങളുടെ സംഭരണത്തിന് ശീതീകരണ സംവിധാനമുള്ള സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

58 (*543) <u>ജീർണ്ണാവസ്ഥയിലായ കെട്ടിടങ്ങൾ</u>

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) നൽകിയ മറുപടിയിൽ, പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ടെന്നും കാലപ്പഴക്കംകൊണ്ട് ജീർണ്ണാവസ്ഥയിലായ ഉപയോഗയോഗ്യമല്ലാത്ത കെട്ടിടങ്ങൾ ഒഴിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പുനലൂർ എക്സൈസ് റേഞ്ച് ഓഫീസിന്റെ തൊണ്ടി സാധനം സൂക്ഷിക്കുന്ന പഴയ കെട്ടിടം, അച്ചൻകോവിൽ പോലീസ് ക്വാർട്ടേഴ്സ്, പാലക്കാട് ചെമ്പൈ സ്മാരക സംഗീത കോളേജിന്റെ വനിതാ ഹോസ്റ്റൽ, അഗളി പൊതുമരാമത്ത് (നിരത്ത് വിഭാഗം) സെക്ഷൻ ഓഫീസ് എന്നീ കെട്ടിടങ്ങളാണ് അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്നത്. പ്രത്യേകമായി സംരക്ഷിക്കപ്പെടേണ്ട പൈതൃക കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പോലീസ് സ്റ്റേഷൻ, ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, അംഗൻവാടികൾ, സർക്കാർ ഓഫീസുകൾ തുടങ്ങിയവയുടെ സംരക്ഷണ ത്തിനും നവീകരണത്തിനുമായി 135 കോടി രൂപ വകയിരുത്തുകയും ഏതാനും വർക്കുകളുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 28.63 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 22 പ്രവൃത്തികൾക്കും 16.25 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 18 പ്രവൃത്തികൾക്കും ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്നും പുനരുദ്ധരിക്കേണ്ട കെട്ടിടങ്ങൾ പുനരുദ്ധരിക്കുകയും അല്ലാത്തവ അതാത് ക്യാമ്പസുകളിലുള്ള മറ്റ് കെട്ടിടങ്ങളുമായി രൂപസാദൃശ്യം വരുന്ന നിലയിൽ നിർമ്മിക്കാനുമാണ്

ഉദ്ദേശിക്കുന്നതെന്നും റസ്റ്റ് ഹൗസുകളുടെ മെയിന്റനൻസിന് പ്രത്യേകമായി ശ്രദ്ധചെലുത്തുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4392 മുതൽ 4650 വരെയുള്ള ചോദ്യങ്ങളിൽ 53 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)